14-01-2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/01/2023.

1. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻപരിപാടി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ബ്ലോക്കിൽ ജനുവരി 24 മുതൽ 28 വരെ സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ചുള്ള എക്സിബിഷന്റെ ഉദ്ഘാടനം ജനുവരി 24-ന് രാവിലെ ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ നിർവഹിക്കും. 27-ന് കൃഷിമന്ത്രി പങ്കെടുക്കുന്ന ഭവനകൂട്ടായ്മ, 28-ന് നടക്കുന്ന പൊതുസമ്മേളനം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും.

2. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള 2022-23 സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ വാഴ, പച്ചക്കറി എന്നിവയ്ക്ക് തുറസ്സായ സ്ഥലത്ത് കൃത്യതാ കൃഷിക്ക് അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തുള്ളിനന സൗകര്യത്തോടുകൂടിയുള്ള കൃഷി, പ്ലാസ്റ്റിക് മൾച്ചിംഗ് എന്നീ ഘടകങ്ങൾ ചെയ്യുന്ന യൂണിറ്റുകൾക്കാണ് ധനസഹായം നൽകുക. ഇത്തരത്തിൽ വാഴയ്ക്ക് ഹെക്ടർ ഒന്നിന് 96,000 രൂപയും പച്ചക്കറി ഹെക്ടർ ഒന്നിന് 91,000 രൂപയും ധനസഹായം അനുവദിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനായി കൃഷിയിടം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായോ ജില്ലാ ഹോർട്ടികൾച്ചർ മിഷനുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ജില്ലാ ഓഫീസുകളുടെ ഫോൺ നമ്പരിനും www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **0471 2330857, 9188954089** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

3. അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന അന്താരാഷ്ട്ര പുഷ്പമേളയായി പൂപ്പൊലി കാണാൻ സംസ്ഥാനത്തിന് അകത്തും പുറത്തും നിന്ന് ജനം ഒഴുകുന്നു. ജനുവരി ഒന്നിനാണ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രദർശനം ആരംഭിച്ചത്. 10 ദിവസത്തിനിടെ രണ്ടര ലക്ഷം പേരാണ് ഇവിടേക്കെത്തിയത്. ടിക്കറ്റിനത്തിൽ മാത്രം ഇതിനകം 1.1 കോടി രൂപയുടെ വരുമാനവും അധികൃതർക്ക് ലഭിച്ചു. 15 ഏക്കർ വരുന്ന പൂപ്പൊലി ഉദ്യാനത്തിൽ മുന്നൂറോളം സ്റ്റാളുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ കൊമേഴ്സ്യൽ സ്റ്റാളുകളാണ് കൂടുതലുള്ളത്. ആയിരത്തിൽപരം ഇനങ്ങളോടുകൂടിയ റോസ് ഗാർഡൻ, ഡാലിയ ഗാർഡൻ, വിശാലമായ ഗ്ലാഡിയോലസ് തോട്ടം, ചെണ്ടുമല്ലിത്തോട്ടം ഇവയ്ക്ക് പുറമേ തായ്‌ലൻഡിൽ നിന്ന് ഇറക്കുമതി ചെയ്ത വിവിധയിനം ഓർക്കിഡുകൾ, നെതർലാൻഡിൽ നിന്നുള്ള ലിലിയം ഇനങ്ങൾ, അപൂർവയിനം അലങ്കാര സസ്യങ്ങൾ, കാലിഫോർണിയയിൽ പോലെ നിന്നുള്ള സ്ട്രോബെറി ഇനങ്ങൾ എന്നിങ്ങനെ നിരവധിയായ വിസ്മയ കാഴ്ചകളാണ് ഒരുക്കിയിരിക്കുന്നത്

4. താമരക്കുളം കൃഷിഭവന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം ജനുവരി 18-ന് വൈകിട്ട് 5 മണിക്ക് താമരക്കുളം വാഴവിളയിൽ ഓഡിറ്റോറിയത്തിൽ വച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും. ഇതിനോടനുബന്ധിച്ച് രാവിലെ 10 മണി മുതൽ സ്റ്റാളുകളുടെ പ്രദർശനവും ഉച്ചയ്ക്ക് രണ്ടു മണിക്ക് തെങ്ങുകൃഷി പരിപാലനം, ലോകകീട നിയന്ത്രണം എന്നീ വിഷയങ്ങളിൽ സെമിനാറും നടക്കുന്നു.

5. ക്ഷീരവികസന വകുപ്പിന്റെ എം.എസ്.ഡി.പി ക്ഷീരഗ്രാമം പദ്ധതിക്ക് തിരുവനന്തപുരം ജില്ലയിൽ വാമനപുരം ബ്ലോക്കിലെ പുല്ലമ്പാറ പഞ്ചായത്തിലെ ക്ഷീരകർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. രണ്ട് പശു യൂണിറ്റ്, 5 പശു യൂണിറ്റ്, അവശ്യാധിഷ്ഠിത ധനസഹായം (തൊഴുത്ത് നിർമ്മാണം, തൊഴുത്ത് നവീകരണം ഉൾപ്പെടെ), കറവയന്ത്രം എന്നീ ഇനങ്ങൾക്ക് ക്ഷീരശ്രീ പോർട്ടൽ (https://ksheerasree.kerala.gov.in ) മുഖാന്തിരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വാമനപുരം ബ്ലോക്ക് ക്ഷീരവികസന ഓഫീസുമായി ബന്ധപ്പെടുക.

6. ക്ഷീരമേഖലയ്ക്ക് വെല്ലുവിളിയും ക്ഷീരകർഷകർക്ക് ആശങ്കയും ഉയർത്തി പശുക്കളിലും എരുമകളിലും പടർന്നുപിടിക്കുന്ന ചർമ്മമുഴ രോഗത്തെ ചെറുക്കുന്നതിന് വാക്സിനേഷൻ ഉചിതമാക്കാൻ മൃഗ സംരക്ഷണ വകുപ്പ് തീരുമാനിച്ചു. ഈ മാസം 15 മുതൽ സംസ്ഥാനത്തെ എല്ലാ പശുക്കൾക്കും എരുമകൾക്കും വാക്സിൻ നൽകുന്നതിന് തീവ്ര വാക്സിനേഷൻ ക്യാമ്പയിൻ തുടങ്ങുന്നു.

7. <u>**പരിശീലന പരിപാടികൾ**</u>

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 17 രാവിലെ 10 മണിക്ക് ആതവനാട് ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് **ആടുവളർത്തൽ** എന്ന വിഷയത്തിൽ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ള കർഷകർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0494-2962296** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ **ജനുവരി 24, 25** തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ, **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

10. മുണ്ടകൻ നെൽകൃഷി ചെയ്തിട്ടുള്ള പാടങ്ങളിൽ കൊയ്ത്തിനുള്ള സമയമാണിപ്പോൾ. സാധാരണ ഗതിയിൽ കതിര് നിരന്ന് 30-45 ദിവസത്തിനുള്ളിൽ നെല്ല് കൊയ്യാൻ പാകമാകും. കൊയ്ത്തിന് ഏകദേശം ഒന്നോ രണ്ടോ ആഴ്ച മുമ്പ് വയലിലെ വെള്ളം വാർത്തു കളയുന്നത് എല്ലാ ഭാഗത്തുമുള്ള നെല്ല് ഒരേ മൂപ്പിലെത്താൻ സഹായകമാകും. വിത്തിനായി സൂക്ഷിക്കേണ്ട നെല്ല് കൊയ്യുന്നതിനുമുമ്പ് തന്നെ കൂട്ടുവിത്തൊഴിവാക്കാനായി കള്ളക്കതിരുകൾ മാറ്റിക്കളയണം. പറിച്ചു മാറ്റാൻ കഴിയാത്ത തോതിൽ കലർപ്പു കണ്ടാൽ വിത്തിനായി മാത്രം കതിര് പ്രത്യേകം കൊയ്യുകയും ബാക്കിയുള്ളവ ഒന്നിച്ചു കൊയ്യുന്നതുമാണു നല്ലത്. കൊയ്യാൻ മൂപ്പെത്തിയ നെൽച്ചെടികൾ എത്രയും പെട്ടെന്ന് തന്നെ പാടത്തു നിന്നും കൊയ്തു മാറ്റാനും ശ്രദ്ധിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം